കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ വിവിധ സർക്കാർ, സർക്കാർ-ഇതര സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള ഇ-മാലിന്യങ്ങളുടെ നിയമപ്രകാരമുള്ള ശാസ്ത്രീയമായ പുന:ചംക്രമണത്തിനും തുടർന്നുള്ള സംസ്കരണത്തിനും ഉതകുന്ന വിധത്തിൽ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ഉത്തരവാകുന്നു.

==========

തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്

സ.ഉ (സാധ) നമ്പർ 2612/2014/തസ്വഭവ തീയതി, തിരുവനന്തപുരം 10/10/2014

==========

പരാമർശം:- 1) 25/8/2014ലെ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ അനുമതിപത്രം.
2) 27/8/14ലെ ക്ലീൻ കേരള കമ്പനി ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ കത്ത്.

**ഉത്തരവ്**

ഇലക്ട്രോണിക് മാലിന്യങ്ങളുടെ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ ഇ-മാലിന്യങ്ങൾ ഒരു നിശ്ചിതതുകയ്ക്ക് ക്ലീൻ കേരള കമ്പനി സ്വീകരിക്കുകയും തുടർന്നുള്ള പുനർചംക്രമണ പ്രവർത്തനങ്ങൾക്കായി രാജ്യത്തിന്റെ ഇതരഭാഗങ്ങളിൽ പ്രവർത്തിക്കുന്ന അംഗീകൃത സംഭരണശാലകളിലേക്ക് അയക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

പരാമർശം (1)ലെ അനുമതിപത്രപ്രകാരം കൊച്ചി നഗരസഭയുടെ പരിധിയിൽ വരുന്ന ഇ-മാലിന്യങ്ങളുടെ ശേഖരണം ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തി തീരുമാനമായിട്ടുണ്ട്. 2012-ാം ആണ്ടിൽ നിലവിൽ വന്ന കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ ഇ-മാലിന്യം മാനേജ്മെന്റ് & ഹാന്റലിംഗ് റൂൾസ് 2011-ലെ നിർദ്ദേശ പ്രകാരം എല്ലാവിധ ഇലക്ട്രോണിക് മാലിന്യങ്ങളും ശാസ്ത്രീയമായി സംസ്കരിക്കേണ്ടതിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനത്തെ വിവിധ സർക്കാർ, സർക്കാർ-ഇതര സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വർഷങ്ങളായി സംസ്കരിക്കപ്പെടാതെ കിടക്കുന്ന ഇ-മാലിന്യങ്ങളും, ദിവസേന പുറന്തള്ളുന്ന ഇ-മാലിന്യങ്ങളും നിയമപ്രകാരമുള്ള ശാസ്ത്രീയമായ പുന:ചംക്രമണത്തിനും തുടർന്നുള്ള സംസ്കരണത്തിനു വേണ്ടിയും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു കൊണ്ട് ഉത്തരവാകുന്നു.

1. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും, സർക്കാർ സ്ഥാപനങ്ങളിൽ നിന്നും, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും, വ്യവസായ സ്ഥാപനങ്ങളിൽ നിന്നും ഉണ്ടാകുന്ന ഉപയോഗശൂന്യമായ കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, ടെലിഫോണുകൾ, മൊബൈൽ ഫോണുകൾ, പ്രിന്ററുകൾ, ഫോട്ടോകോപ്പിയറുകൾ, സ്കാനറുകൾ, ക്യാമറകൾ, സ്വിച്ചുകൾ, ഫാൻ, എയർകണ്ടിഷനറുകൾ, ഇലക്ട്രിക്കൽ മോട്ടറുകൾ, ജനറേറ്ററുകൾ, കേബിളുകൾ, തുടങ്ങി എല്ലാ ഇലക്ട്രോണിക്, ഇലക്ട്രിക്കൽ മാലിന്യങ്ങളും കിലോയ്ക്ക് 5 രൂപ എന്ന നിരക്കിൽ രസീത് കൈപ്പറ്റി ക്ലീൻ കേരള കമ്പനിയെ ഏൽപ്പിക്കേണ്ടതാണ്.
2. സംസ്ഥാനത്തെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ, എന്നിവിടങ്ങളിൽ നിന്നുള്ള ഇ-മാലിന്യങ്ങൾ വാഹനസൗകര്യം ലഭ്യമാകുന്ന ഒരു സ്ഥലത്ത് ശേഖരിച്ചു വയ്ക്കേണ്ടതും ആയത് ക്ലീൻ കേരള കമ്പനിയെ ഏൽപ്പിക്കേണ്ടതുമാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം
**എ പി എം മുഹമ്മദ് ഹനീഷ്**
ഗവൺമെന്റ് സെക്രട്ടറി.

എല്ലാ വകുപ്പധ്യക്ഷൻമാർക്കും
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്/ഹയർ സെക്കൻണ്ടറി വിദ്യാഭ്യാസം/വൊക്കേഷണൽ ഹയർ സെക്കൻണ്ടറി വിദ്യാഭ്യാസം, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (Audit), (A&E)/(LBA&A), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

പകർപ്പ്:- നഗരകാര്യ സെക്രട്ടറിയുടെ പി.എ-യ്ക്ക്.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ